(ഇ) ആ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) 23 ലക്ഷം രൂപ

(ബി) കെ. രമേഷ് ബാബു, ലക്ഷ്മി ഭവനം, മൂവാറ്റുപുഴ.

അടങ്കൽ തുക - 23,78,013 രൂപ

നാലു മുറികൾ വീതം രണ്ടു നില കെട്ടിടങ്ങളും അതിലെ സൗകര്യങ്ങളും ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(സി) 10-11-1997-ലെ ജി. ഒ. (ആർ.ടി.) 1327/97/പോ.മ.വ. പ്രകാരം ഭരണാനുമതിയും 11-3-1999-ലെ ജി. ഒ. (ആർ.ടി.) 238/99/പൊ.മ.വ പ്രകാരം പ്രത്യേകാനുമതിയും നൽകി.

(ഡി) 11-3-1999-ൽ പ്രത്യേകാനുമതി നൽകിയതനുസരിച്ച് പണി തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചു.

(ഇ) ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

കായംകുളം മണ്ഡലത്തിലെ പദ്ധതികൾ

108 (3749) ശ്രീ. ജി സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ 1999-2000-ാമാണ്ടിൽ നിലവിലുള്ള ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികളിൽ കരാർ ഉറപ്പിച്ച് നൽകിയിട്ടുള്ളവ ഏതെല്ലാം അവയുടെ എസ്റ്റിമേറ്റ് തുകകൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ ; കരാർ ഉറപ്പിച്ച് നൽകിയിട്ടുള്ള പദ്ധതികളിൽ ഇതുവരെ ചെലവഴിച്ച തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ബഡ്ജറ്റിൽ പണി ആരംഭിക്കുന്നതിന് ആവശ്യമായ തുക ഉണ്ടായിട്ടും പണി തുടങ്ങാത്ത വർക്കുകൾ ഇവയിൽ ഏതെല്ലാമാണ് ;

(സി) പണി തുടങ്ങാത്തതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കായംകുളം മണ്ഡലത്തിലെ ബഡ്ജറ്റ് വർക്കുകൾ സമയബന്ധിതമായി ആരംഭിക്കാനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കാത്ത ഉദ്യോഗസ്ഥന്മാരോട് വിശദീകരണം ചോദിക്കുകയോ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) മണ്ഡലം തിരിച്ച് വർക്കുകൾ വിലയിരുത്താറില്ല.

---

†അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly